**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** — **16-03-2022 - ൽ മറുപടിയ്ക്ക്**

**ഗുണ്ട ആക്രമണം നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് പോലീസ് പരാജയപ്പെട്ടെന്ന ആക്ഷേപം പരിശോധന വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധന വിധേയമാക്കുമോ; | (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെ പ്രവർത്തനങ്ങൾ തടയുന്നതിന് സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ പരിധിയിലുള്ള ഗുണ്ടകളുടെയും സംഘടിത കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെയും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും ലിസ്റ്റുകൾ പ്രത്യേകം തയ്യാറാക്കി ഗുണ്ടകളുടെയും അവരുടെ കൂട്ടാളികളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നുണ്ട്. അവരുടെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ 107 CrPC, 110 CrPC പ്രകാരമുള്ള സെക്യൂരിറ്റി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് . കൂടാതെ നിരന്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ KAA(P)Aയിലെ വിവിധ വകുപ്പുകൾ ചുമത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വാറണ്ട് ഉള്ളവരും ജാമ്യവ്യവസ്ഥ ലംഘിച്ചവരും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | വാറണ്ട് ഉള്ളവരും ജാമ്യത്തിൽ കഴിയുന്നവരുമായ ചിലർ ജാമ്യവ്യവസ്ഥ ലംഘിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട സാഹചര്യങ്ങളിൽ ഇത്തരക്കാരുടെ ജാമ്യം റദ്ദാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചതിനോടൊപ്പം നിയമപ്രകാരമുള്ള ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഗുണ്ടകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ |

| | | | |
|---|---|---|---|
| | | | പണ മിടപാട്ടുകളെയും മറ്റ് പ്രവർത്തനങ്ങളെയും നിരീക്ഷിക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇടപെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.മാരുടെ നേതൃ ത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുന്നവരെ കണ്ടെത്തി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ സാമ്പത്തിക സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനു പുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ